A

802

# സമഗ്ര ശിക്ഷാ, കേരളം

# പാദവാർഷിക മൂല്യനിർണയം 2022-23

# മലയാളം

ക്ലാസ് : 8

## കേരളപാഠാവലി

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

---

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കുവാനും ഉത്തരങ്ങൾ ക്രമപ്പെടുത്തുവാനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക.** (4 x 1 = 4)

1. "കോർത്തു കൈകൾ പിടിച്ചതും പിന്നെപ്പേടിതീരുംവണ്ണം
മാർത്താണ്ഡനുമുദിച്ചതും മറന്നില്ലല്ലീ'

ഈ വരികളിലെ മാർത്താണ്ഡൻ എന്ന പദത്തിന് സമാനമായ അർഥമുള്ള പദം ഏതാണ്?

- മനുഷ്യൻ
- സൂര്യൻ
- ഗുരു
- ചന്ദ്രൻ

2. 'ജീവിതസായാഹ്നത്തിൽ ഒറ്റപ്പെടുന്നവരെക്കുറിച്ച് പഠിക്കാൻ കുട്ടികൾ ഒരുങ്ങിയിറങ്ങി.'

ജീവിതസായാഹ്നം എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർഥം ഏത്?

- ജീവിതമാകുന്ന സായാഹ്നം
- ജീവിതവും സായാഹ്നവും
- ജീവിതത്തിന്റെ സായാഹ്നം
- ജീവിതം പോലുള്ള സായാഹ്നം

3. 'മുണ്ടകൻ കൊയ്തു നെല്ലും വൈക്കോലും സംഭരിച്ചു കഴിഞ്ഞാൽ കർഷകഹസ്തം സ്വതന്ത്രമായി.'

കർഷകഹസ്തം സ്വതന്ത്രമാവുക എന്ന പ്രയോഗം സൂചിപ്പിക്കുന്നതെന്ത്?

- കർഷകർക്ക് കൃഷിപ്പണിയിൽ താല്പര്യമില്ലാതായി
- കർഷകർ വിശ്രമത്തിനും വിനോദത്തിനും സമയം കണ്ടെത്തുന്നു
- കർഷകർ തുടർച്ചയായി ജോലി ചെയ്യുന്നു
- കർഷകർ അടിമപ്പണി നിർത്തുന്നു

4. 'ഭൂമിയെ ഫലഭൂയിഷ്ഠമാക്കുന്ന ഘനീഭവിച്ച അനുഗ്രഹമാണത്.' മേഘത്തെക്കുറിച്ച് ലേഖകൻ ഇപ്രകാരം പറയാൻ കാരണം എന്ത്?

- മേഘം പെട്ടെന്ന് കാണപ്പെടുകയും ഇല്ലാതാവുകയും ചെയ്യുന്നു.
- മേഘം ഭൂമിയുടെ വന്ധ്യത ഇല്ലാതാക്കുന്നു
- മേഘം ഊർജ്ജം നൽകുന്നു
- മേഘം കഷ്ടതയുടെ അടയാളമാണ്

5. മാതൃകപോലെ മാറ്റിയെഴുതുക.

തെവിത്തെവി - തെവി + തെവി

ആടിത്തുങ്ങി -

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

(4 x 2 = 8)

6. 'പേടിസ്വപ്നം പോലെ തുങ്ങിനിൽക്കുന്ന കാലവർഷം. കരിയിടപേർന്ന കണ്ണങ്ങളിൽ വിരിപ്പുവിളു കാറ്റാടി നിൽക്കുകയാണ്.' (പൂക്കളും ആണ്ടറുതികളും)

- ഈ വാക്യങ്ങളിലൂടെ കർക്കടകമാസത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് ലേഖകൻ സൂചിപ്പിക്കുന്നത്?

7. "തെവിത്തെവി വറ്റിപ്പോയ കിണറാണ് മുമ്പിൽ. എന്നാലും പൊടിയുന്നുണ്ട് തെളിനീര്."

അമ്മമ്മയുടെ ജീവിതാവസ്ഥയെക്കുറിച്ച് ഈ വാക്യം നൽകുന്ന രണ്ട് സൂചനകൾ എഴുതുക.

8. അർഥവ്യത്യാസം വരാതെ രണ്ടുവാക്യമാക്കി മാറ്റിയെഴുതുക.

ഒരു വീട്ടിൽ ഉള്ളവർക്കെല്ലാംകൂടി അത്താഴത്തിനു മൂന്നിടങ്ങഴി അരിയുടെ ചോറുമതിയെന്നിരുന്നാലും അവിടെ പതിനഞ്ചിടങ്ങഴി അരിയാണു വയ്ക്കുന്നത്.

9. "ശബളാഭമായ ഒരു പൂപ്പാലികയാണ് കേരളം." (പൂക്കളും ആണ്ടറുതികളും)

ലേഖകൻ ഇപ്രകാരം അഭിപ്രായപ്പെടാനുള്ള ഏതെങ്കിലും രണ്ട് കാരണങ്ങൾ എഴുതുക.

10. 'ഭൂമിയുടെ കാതിൽ മഹാസങ്കടങ്ങൾ അറിയിക്കുന്ന പാദങ്ങൾ വിണ്ടുപൊട്ടിയിട്ടുണ്ട്.' അമ്മമ്മയുടെ ദൈന്യഭാവം ചിത്രീകരിക്കാൻ ഈ പ്രയോഗത്തിന് എത്രമാത്രം കഴിയുന്നുണ്ട്? പരിശോധിക്കുക.

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

(4 x 4 = 16)

11. "സാന്ദ്രസൗഹൃദസംബന്ധം നമ്മിലുണ്ടായതും സഖേ
സാരനായ ഭവാനൊന്നും മറന്നില്ലല്ലീ"

*(രാമപുരത്തുവാര്യർ)*

"പുഴയൊഴുക്കിലെക്കല്ലുപോലാക നീ
പകലിതസ്തമിക്കാതെ, വേർപിരിയാതെ നാം
പുലരുവോളം മയങ്ങാതിരിക്കുക
പ്രിയമെനിക്കീ മനോഹരസൗഹൃദം"

*(വിജയലക്ഷ്മി)*

സൗഹൃദത്തെക്കുറിച്ചുള്ള കവികളുടെ കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത് ലഘു കുറിപ്പ് തയാറാക്കുക.

12. 'ഐശ്വര്യത്തിനുവേണ്ടി അധ്വാനിച്ചും ആരോഗ്യത്തിനുവേണ്ടി ആഹ്ലാദിച്ചും ശീലിച്ചിട്ടുള്ള കർഷകർക്ക് ഓണം ഒരു ഉത്സവമാണ്.'

*(പൂക്കളും ആണ്ടറുതികളും)*

മലയാളിയുടെ ഓണസങ്കല്പം എന്നും കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. പാഠഭാഗം വിശകലനം ചെയ്ത് പ്രസ്താവനയുടെ സാധുത വിലയിരുത്തി പ്രതികരണക്കുറിപ്പ് തയാറാക്കുക.

13. 'ഒരുകുടം തണ്ണീരുമൊക്കത്തു വെച്ചോരാ-
ക്കരിമുകിൽപ്പെൺകൊടിയെങ്ങുപോയി?'

(പി.ഭാസ്കരൻ)

'ചിലപ്പോൾ അത് ആകാശത്തിൽ കറുത്ത സിംഹം പോലെ നിൽക്കുന്നതായി തോന്നും.'

(കെ.പി.അപ്പൻ)

മുകളിൽ നൽകിയ രചനാഭാഗങ്ങളിലെ മേഘസങ്കല്പത്തിന്റെ ഭംഗി കണ്ടെത്തി വിവരിക്കുക.

14. "പൊതിച്ചോറുണ്ണാത്തവനും ചെങ്കണ്ണുവരാത്തവനും ജീവിതസുഖം അനുഭവിച്ചിട്ടില്ലെന്നാണ് ഒരു പറച്ചിൽ." (വഴിയാത്ര)

ആദ്യകാല വഴിയാത്രയിൽ പൊതിച്ചോറിനുള്ള പ്രാധാന്യം ഈ വാക്യത്തിലൂടെ വ്യക്തമാകുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

15. "പ്രവാഹസന്നദ്ധമായി നിൽക്കുന്ന കാർമേഘം പ്രവാഹസന്നദ്ധമായി നിൽക്കുന്ന മനസ്സുപോലെയാണ്"

ഇത്തരത്തിലുള്ള സവിശേഷമായ പ്രയോഗങ്ങളാണ് 'കാർമുകിലിന് ഗദ്യത്തിൽ ഒരു അർച്ചനാഗീതം' എന്ന ലേഖനത്തെ ആകർഷകമാക്കുന്നത്. പ്രസ്താവന വിശകലനം ചെയ്ത് ലഘുകുറിപ്പ് തയാറാക്കുക.

**16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

(2 x 6 = 12)

16.
- പൊന്നുമക്കളെ എത്ര ലാളിച്ചാലാണ് തന്റെ കൊതിയടങ്ങുക എന്ന് അമ്മമ്മ എന്നോട് തിരിച്ചു ചോദിച്ചു.
- സൂര്യകിരണങ്ങൾ നിറങ്ങളൊക്കെയും കവർന്നെടുത്തുകൊണ്ടുപോയ ഒരേയൊരു സാരിയാണ് അമ്മമ്മ എന്നും ധരിക്കാറ്.

സൂചനകളും പാഠഭാഗത്തിലെ ഇതര സന്ദർഭങ്ങളും പരിഗണിച്ച് അമ്മമ്മ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയാറാക്കുക.

17. 'മോഹമേറെ വളർത്തതുമുഷപ്പോളം തകർത്തതും
ഊഹിച്ചടുത്തു നാമെല്ലാമൊരുമിച്ചതും'

(രാമപുരത്തുവാര്യർ)

'എന്റെ പിറകേ നടക്കരുത്. ഞാൻ നിങ്ങളെ ഒരിക്കലും നയിക്കുകയില്ല. എന്റെ മുന്നിലും നടക്കരുത്. ഞാൻ നിങ്ങളെ പിന്തുടരുകയില്ല. എന്നോടൊപ്പം നടക്കൂ, എന്നിട്ട് എന്നെ സുഹൃത്താക്കൂ.'

(ആൽബർ കമ്യൂ)

തന്നിരിക്കുന്ന സൂചനകളും നിങ്ങളുടെ വിദ്യാലയസൗഹൃദവും ബന്ധപ്പെടുത്തി ലോകസൗഹൃദദിനത്തിൽ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ ഒരു പ്രഭാഷണം തയാറാക്കുക.

18.
- ഈ മാതിരി വഴിയാത്രകളും വിശ്രമങ്ങളും പലബന്ധങ്ങൾക്കും കാരണമായിത്തീർന്നിട്ടുണ്ട്.
- ആർക്കും ആരോടും യാതൊന്നും സംസാരിക്കാൻ സമയമില്ല.
- വണ്ടിയില്ല, വള്ളമില്ല, കാൽനടതന്നെ അവലംബം.

വ്യത്യസ്ത കാലങ്ങളിലെ യാത്രാനുഭവങ്ങളെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണങ്ങളാണ് മുകളിൽ നൽകിയിരിക്കുന്നത്. പുതിയകാലത്തെ യാത്രാനുഭവങ്ങൾ കൂടി പരിഗണിച്ച് യാത്രകളും മനുഷ്യബന്ധങ്ങളും എന്ന വിഷയത്തിൽ ലഘു ഉപന്യാസം തയാറാക്കുക.